**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **01-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടയം നല്കിയ കുത്തകപ്പാട്ടം ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ കുത്തകപ്പാട്ടം അനുവദിച്ചിരുന്ന സർവ്വേ നമ്പർ 872-ൽ ഉൾപ്പെട്ട ഭൂമിയിൽ 200-ഓളം പേർക്ക് പട്ടയം അനുവദിച്ചുവെങ്കിലും പ്രസ്തുത വിഷയത്തിൽ പുനലൂർ മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കൈവശക്കാർക്ക് നാളിതുവരെ ഭൂമി കൈമാറി നൽകുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാരിന് അനുകൂലമായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ പുനരാരംഭിക്കാൻ സാധിക്കുമോ; വിഷയത്തിൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുനലൂർ താലൂക്കിൽ തെൻമല വില്ലേജിൽ ശ്രീ.തങ്ങൾകുഞ്ഞ് മുസലിയാർ പേരിൽ കുത്തകപാട്ടം അനുവദിച്ചിരുന്ന 10.76 ഏക്കർ ഭൂമി കുത്തകപ്പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് 299 പേർക്ക് പട്ടയം അനുവദിച്ചിരുന്നു. ഇതിനെതിരെ ശ്രീ.തങ്ങൾകുഞ്ഞ് മുസലിയാരുടെ അനന്തരാവകാശികൾ ബഹു ഹൈക്കോടതി മുൻപാകെ WP(C) 26308/2013, WP(C) 632/2015 റിട്ട് ഹർജികളും, പുനലൂർ മുൻസിഫ് കോടതി മുൻപാകെ OS 195/2014 നമ്പർ കേസും ഫയൽ ചെയ്തിരുന്നതിനാൽ പട്ടയം നല്കിയ ഭൂമി അളന്ന് തിരിച്ച് പട്ടയ കക്ഷികൾക്ക് കൈമാറി നൽകാൻ സാധിച്ചിരുന്നില്ല.<br><br>ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന WP(C)26308/2013, WP(C)632/2015 നമ്പർ റിട്ട് ഹർജികളിന്മേൽ സർക്കാരിന് അനുകൂലമായി കേസ് തള്ളി വിധിന്യായം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി വിധിക്കെതിരെ ഹർജി കക്ഷികൾ WA 1229/2019, WA 276/2022 നമ്പർ റിട്ട് അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി റിട്ട് അപ്പീലുകളും, OS 195/2014 നമ്പർ കേസും കോടതിയുടെ പരഗണനയിലുള്ളതും, അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| | | | WP(C) 26308/2013, WP(C) 632/2015 നമ്പർ റിട്ട് ഹർജികളിൽ സർക്കാരിന് അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന് നിരോധന ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ബഹു.അഡ്വക്കേറ്റ് ജനറലിൽ നിന്നും, സർക്കാർ വക്കീലിൽ നിന്നും നിയമോപദേശം ലഭ്യമാക്കി പട്ടയം അനുവദിച്ചവർക്ക് ഭൂമി കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഹൈക്കോടതി വിധിക്ക് സ്റ്റേ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | പുനലൂർ താലൂക്കിൽ തെൻമല വില്ലേജിൽ ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാർ പേരിൽ കുത്തകപാട്ടം അനുവദിച്ചിരുന്ന 10.76 ഏക്കർ ഭൂമി കുത്തകപ്പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് 299 പേർക്ക് പട്ടയം അനുവദിച്ചിരുന്നു. ഇതിനെതിരെ ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാരുടെ അനന്തരാവകാശികൾ ബഹു ഹൈക്കോടതി മുൻപാകെ WP(C) 26308/2013, WP(C) 632/2015 റിട്ട് ഹർജികളും, പുനലൂർ മുൻസിഫ് കോടതി മുൻപാകെ OS 195/2014 നമ്പർ കേസും ഫയൽ ചെയ്തിരുന്നതിനാൽ പട്ടയം നല്കിയ ഭൂമി അളന്ന് തിരിച്ച് പട്ടയ കക്ഷികൾക്ക് കൈമാറി നൽകാൻ സാധിച്ചിരുന്നില്ല.<br><br>ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന WP(C)26308/2013, WP(C)632/2015 നമ്പർ റിട്ട് ഹർജികളിന്മേൽ സർക്കാരിന് അനുകൂലമായി കേസ് തള്ളി വിധിന്യായം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി വിധിക്കെതിരെ ഹർജി കക്ഷികൾ WA 1229/2019, WA 276/2022 നമ്പർ റിട്ട് അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി റിട്ട് അപ്പീലുകളും, OS 195/2014 നമ്പർ കേസും കോടതിയുടെ പരഗണനയിലുള്ളതും, അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.<br><br>WP(C) 26308/2013, WP(C) 632/2015 നമ്പർ റിട്ട് ഹർജികളിൽ സർക്കാരിന് അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന് നിരോധന ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ബഹു.അഡ്വക്കേറ്റ് ജനറലിൽ നിന്നും, സർക്കാർ വക്കീലിൽ നിന്നും നിയമോപദേശം ലഭ്യമാക്കി പട്ടയം അനുവദിച്ചവർക്ക് ഭൂമി കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ